**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5593** **24/05/2017-ൽ മറുപടിയ്ക്ക്**

## ആരോഗ്യ വകുപ്പിൽ ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**,, കെ. രാജൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** മരുന്നുകളുടെ ഗുണനിലവാരവും ലഭ്യതയും നിരീക്ഷിക്കാനായി ആരോഗ്യ വകുപ്പിൽ ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | **എ)** ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധനയ്ക്കായി മരുന്ന് സാമ്പിളുകൾ മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ/ ഗവൺമെന്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച് വിശദാംശങ്ങൾ എക്സ്.എൽ.എൻ എന്ന ഓൺലൈൻ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളിലേയ്ക്ക് അയയ്ക്കുന്നുണ്ട്. കൂടാതെ പരിശോധനാ ഫലം സംബന്ധിച്ച റിപ്പോർട്ടും ഓൺലൈൻ ആയി ലഭ്യമാക്കുന്നുമുണ്ട്. കെ.എം.എസ്.സി.എൽ വഴി വിതരണം ചെയ്തിട്ടുള്ള മരുന്നുകൾക്ക് ഗുണ-നിലവാരമില്ലായെന്ന് കണ്ടെത്തിയാൽ ടി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നുസംഭരണ ശാലകളിൽ നിന്നും ആശുപത്രി ഫാർമസി സ്റ്റോറുകളിൽ നിന്നുമുള്ള വിതരണം തടയുന്നതിന് ഡി.ഡി.എം.എസ് എന്ന സോഫ്റ്റ്-വെയർ മുഖാന്തിരം സാധിക്കുന്നതാണ്. അതോടൊപ്പം ഓരോ ആശുപത്രിയും ലോക്കൽ പർച്ചേസ് വഴി നേരിട്ട് സംഭരിക്കുന്ന മരുന്നുകളിൽ ഗുണനിലവാരമില്ലായ്മ കണ്ടെത്തിയാൽ ടി ആശുപത്രിയുടെ ഫാർമസി സ്റ്റോറിൽ നിന്നുമുള്ള ടി മരുന്നുകളുടെ വിതരണവും ഈ സോഫ്റ്റ്വെയർ മുഖാന്തിരം തടയുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, ഗുജറാത്ത് ആണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ പ്രവർത്തന സജ്ജമായിട്ടുള്ള എക്സ്.എൽ.എൻ സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിയോണിക്സ്) മുഖാന്തിരമാണ് ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്) സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |
| സി) | മെച്ചപ്പെട്ട ആരോഗ്യ പരിപാലനത്തിന് മരുന്നുകളുടെ ഫലപ്രദമായ വിതരണം അനിവാര്യമായതിനാൽ ഇ - ഹെൽത്ത് പദ്ധതിയുമായി ഈ സോഫ്റ്റ് വെയർ ബന്ധിപ്പിക്കുമോ; വ്യക്തമാക്കുമോ; | സി) | ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്) സോഫ്റ്റ്‌വെയർ ഇ-ഹെൽത്ത് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ് |
| ഡി) | കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗശൂന്യമാകുന്നത് ഒഴിവാക്കാനായി ഈ സോഫ്റ്റ് വെയർ എപ്രകാരം ഉപയോഗപ്പെടുത്താമെന്ന് വ്യക്തമാക്കുമോ; | ഡി) | ഓരോ ആശുപത്രിയ്ക്കും തങ്ങളുടെ കാലാവധി കഴിയാറായ/സ്ലോമൂവിംഗ് ആയ മരുന്നുകൾ മറ്റ് ആശുപത്രി അധികൃതരെ ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്) സോഫ്റ്റ്‌വെയർ മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തി അവ മറ്റ് ആശുപത്രിയിലേയ്ക്ക് ആവശ്യാനുസരണം കൈമാറി കാലാവധി കഴിയും മുൻപ് ഉപയോഗസജ്ജമാക്കുവാൻ ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം സാധിക്കുന്നതാണ്. |
| ഇ) | ആശുപത്രികൾ ലോക്കൽ പർച്ചേസ് വഴി സംഭരിക്കുന്ന മരുന്നുകളുടെ വിവരം രേഖപ്പെടുത്താൻ ഈ സോഫ്റ്റ് വെയർ പര്യാപ്തമാണോ ? | ഇ) | പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ